സ്റ്റേഷനുകളിൽ നൽകുന്നതിനുള്ള പദ്ധതികളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കെ. എസ്. ആർ. ടി. സി.-യുടെ ബസ് സ്റ്റേഷനുകളും വർക്ക് ഷോപ്പുകളും നവീകരിക്കുന്നതിനും വ്യാവസായിക പ്രാധാന്യമുള്ള ബസ് സ്റ്റേഷനുകളിൽ ബി. ഒ. ടി. അടിസ്ഥാനത്തിൽ വിപുലമായ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുവാനും ഉദ്ദേശിക്കുന്നു. എറണാകുളം, അങ്കമാലി, കോഴിക്കോട്, തൃശ്ശൂർ, മൂവാറ്റുപുഴ, മൂന്നാർ, കൊട്ടാർക്കര, അടൂർ എന്നീ ബസ് സ്റ്റേഷനുകൾ നവീകരണ പദ്ധതിയിൽപ്പെടുത്തിയിട്ടുണ്ട്. എല്ലാ ബസ്സ് സ്റ്റേഷനുകളും കമ്പ്യൂട്ടറൈസ് ചെയ്യുവാനും യാത്രക്കാർക്ക് ടിക്കറ്റ് നൽകുന്നതിന് കമ്പ്യൂട്ടറൈസ്ഡ് ടിക്കറ്റിംഗ് മെഷീൻ ഏർപ്പെടുത്താനും ഉദ്ദേശ്യമുണ്ട്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സൂപ്പർവൈസറി തസ്തികകളിൽ 25% നേരിട്ട് നിയമനം നടത്തുവാനും പരിപാടിയുണ്ട്. കെ. എസ്. ആർ. ടി. സി.-യുടെ കീഴിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡ്രൈവേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാനും പദ്ധതി ഉണ്ട്.

അപകടത്തിൽ പെടുന്ന യാത്രക്കാർക്ക് ഉടൻ ആശ്വാസം എത്തിക്കാൻ ഒരു പാസഞ്ചർ വെൽഫെയർ ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി.-യുടെ സമഗ്രമായ വികസനത്തിനും കാര്യക്ഷമത വർദ്ധനവിനും മെച്ചപ്പെട്ട യാത്രാ സൗകര്യം നൽകുന്നതിനും വേണ്ടിയുള്ള പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കെ. എസ്. ആർ. ടി. സി. സർവ്വീസുകളുടെ നിലവാരം മെച്ചപ്പെടുത്താൻ നടപടി

69 [5625] ശ്രീ. പി. ജയരാജൻ:
„ സാജുപോൾ:
„ മത്തായി ചാക്കോ:
„ വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള മൊത്തം വാഹനങ്ങളിൽ ഏറെയും കാലപ്പഴക്കം ചെന്നവയാണെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) കാലപ്പഴക്കം ചെന്ന ഇത്തരം വാഹനങ്ങൾ നിമിത്തം അടിക്കടി ഉണ്ടാകുന്ന ബ്രേക്ക്ഡൗണുകളും അറ്റകുറ്റപ്പണികളിലെ കാലതാമസവും വാഹനങ്ങളുടെ കുറഞ്ഞ വിനിയോഗത്തിന് മുഖ്യകാരണം ആകുന്നതായി സർക്കാരിനറിയാമോ;

(സി) 5 ലക്ഷം കി.മീ. ഓടുകയോ 8 വർഷം കഴിയുകയോ ചെയ്ത മൊത്തം വാഹനങ്ങൾ എത്രയാണ്;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ മൊത്തം വാഹനങ്ങളിൽ നാല് വർഷത്തിൽ താഴെ മാത്രം പഴക്കമുള്ളവ എത്രയാണ്;

(ഇ) ഷെഡ്യൂൾഡ് സർവ്വീസുകൾ റദ്ദാക്കാതെ, സർവ്വീസുകളുടെ നിലവാരം മെച്ചപ്പെടുത്താൻ കെ.എസ്.ആർ.ടി.സി. എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 611 ബസ്സുകൾ മാത്രമേ പത്തുവർഷത്തിനുമേൽ പഴക്കമുള്ളതായുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ വാഹന വിനിയോഗം ശരാശരി 80% ആകുന്നു.

(സി) 1,516.

(ഡി) 1,185.

(ഇ) കാലപ്പഴക്കം ചെന്ന ബസ്സുകൾക്കുപകരമായി പുതിയ ബസ്സുകൾ ഘട്ടംഘട്ടമായി നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

## കെ.എസ്.ആർ.ടി.സി.-യുടെ എ.സി. ബസ്സുകളുടെ വരുമാനം

70 [5626] ശ്രീ. പി. കെ.അബ്ദുറബ്ബ്:
„ യു. സി. രാമൻ:
„ കളത്തിൽ അബ്ദുള്ള:
„ ഇസ്ഹാക് കുരിക്കൾ:
„ സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതുതായി നിരത്തിലിറക്കിയ എ.സി.ബസ്സുകളും യാത്രാ സൗകര്യം അധികമായിട്ടുള്ള മറ്റ് ബസ്സുകളും ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) ഇത്തരം കൂടുതൽ ബസ്സുകൾ ഇറക്കി സർവ്വീസ് നടത്തുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) പല ഘടകങ്ങളെ ആസ്പദമാക്കിയാണ് ലാഭനഷ്ടങ്ങൾ വിലയിരുത്തുന്നത്. പുതുതായി വാങ്ങിയ ബസ്സുകളുടെ സർവ്വീസ് ഓപ്പറേഷൻ വിലയിരുത്തിവരുകയാണ്.

(ബി) ഇത്തരം ബസ്സുകളുടെ ഓപ്പറേഷൻ വിലയിരുത്തി ലാഭകരമാണെന്ന് ബോദ്ധ്യപ്പെട്ടാൽ കൂടുതൽ ബസ്സുകൾ വാങ്ങാൻ ഉദ്ദേശ്യമുണ്ട്.

(സി) കൂടുതൽ വിശകലനത്തിനുശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവുകയുള്ളൂ.

## കെ.എസ്.ആർ.ടി.സി.-യുടെ കളക്ഷൻ

71 [5627] ശ്രീ. ഇ. എം. അഗസ്തി:
„ ഡൊമിനിക് പ്രസന്റേഷൻ:
„ എ. പി. അനിൽകുമാർ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly